● ഡോ. എ.എ ഹലീം

# വിമോചനത്തിന്റെ പ്രവാചകപാത

**ലോകം വിമോചകരായി വാഴ്ത്തിപ്പാടിയവർക്കൊന്നും മനുഷ്യർക്ക് മോചനം നൽകാനായിട്ടില്ലെന്നതിന് ചരിത്രം സാക്ഷി. നിലവിലുള്ള അടിമത്തത്തിൽനിന്ന് മറ്റൊരടിമത്തത്തിലേക്ക് ഒരിരുട്ടിൽനിന്ന് മറ്റൊരു ഇരുട്ടിലേക്ക്, ഒരു പാരതന്ത്ര്യത്തിൽനിന്ന് പുതിയ ഒന്നിലേക്ക് അവർ മനുഷ്യരെ നയിക്കുക മാത്രമായിരുന്നു. ഇവിടെയാണ് സകല മനുഷ്യർക്കും അനുഗ്രഹവും കാരുണ്യവുമായി പ്രവാചകൻ വേറിട്ടു നിൽക്കുന്നത്**

**ഭൂമിയിലെ** പ്രാതിനിധ്യത്തിനു വേണ്ടി അല്ലാഹു, താൻ സൃഷ്ടിച്ച അനേകം ജീവജാലങ്ങളിൽനിന്ന് മനുഷ്യരെയാണ് തെരഞ്ഞെടുത്തത്. മനുഷ്യർക്ക് മാതൃകാ പുരുഷന്മാർ ആവശ്യമായതിനാൽ അവരുടെ മാർഗദർശനത്തിന് അവൻ പ്രവാചകന്മാരെയും നിയോഗിച്ചു. 'അവർ തന്നെയാകുന്നു അല്ലാഹുവിങ്കൽനിന്നുള്ള സന്മാർഗം സിദ്ധിച്ചവർ. അവരുടെ പാതയിലൂടെ തന്നെ താങ്കൾ നടന്നുകൊള്ളുക. പറയുക: (ഈ സന്മാർഗ പ്രബോധനത്തിന്റെ) പ്രവർത്തനത്തിന് ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. ഇതാണെങ്കിൽ സർവലോകർക്കും പൊതുവായുള്ള ഒരു ഉദ്ബോധനം മാത്രമാകുന്നു' (*അൽ അൻആം*: 90). ആ മാതൃകാ വ്യക്തിത്വങ്ങൾ മനുഷ്യവർഗത്തിൽ നിന്നുതന്നെയാവുക എന്നതാണ് ഏറ്റവും അനുയോജ്യം. അല്ലെങ്കിൽ അവർക്ക് മനുഷ്യരുടെ മാതൃകയായിരിക്കാൻ കഴിയില്ല. 'അവർ ചോദിക്കുന്നു; ഈ പ്രവാചകന് ഒരു മാലാഖ ഇറക്കപ്പെടാത്തതെന്ത്, മാലാഖയെ നാം ഇറക്കിയിരുന്നുവെങ്കിൽ കാര്യം ഇതിനു മുമ്പേ തീരുമാനിക്കപ്പെട്ടു കഴിഞ്ഞേനെ. പിന്നീടവർക്ക് ഒരവസരവും ലഭിക്കുമായിരുന്നില്ല. നാം മാലാഖയെ ഇറക്കുകയാണെങ്കിൽ അപ്പോഴും മനുഷ്യരൂപത്തിൽ തന്നെയാണിറക്കുക. അങ്ങനെയിപ്പോൾ അകപ്പെട്ടിട്ടുള്ള സന്ദേഹത്തിൽതന്നെ അപ്പോഴും അവരെ നാം അകപ്പെടുത്തുമായിരുന്നു' (*അൽ അൻആം*: 8, 9).

പ്രവാചകന്മാരുടെ ആഗമനത്തിനു ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ യാതൊരു ന്യായവും ഉന്നയിക്കാൻ അവസരം ലഭിക്കാതിരിക്കേണ്ടതിന്നാണത്. 'പ്രവാചകരേ, നൂഹിനും അനന്തരാഗത പ്രവാചകന്മാർക്കും എവ്വിധം ദിവ്യബോധനം നൽകിയോ, അവ്വിധം താങ്കൾക്കും നാം ദിവ്യബോധനം നൽകിയിരിക്കുന്നു. ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ് സന്തതികൾ. ഇസാ, അയ്യൂബ്, യൂനുസ്, ഹാറൂൻ, സുലൈമാൻ എന്നിവർക്കും നാം ദിവ്യബോധനം നൽകിയിട്ടുള്ളതാകുന്നു. നാം ദാവൂദിന് സബൂർ നൽകിയിട്ടുണ്ട്. ഇതിനുമുമ്പ് നാം താങ്കൾക്ക് പറഞ്ഞുതന്നിട്ടുള്ളവരും ഇനിയും താങ്കൾക്ക് പറഞ്ഞുതന്നിട്ടില്ലാത്തവരുമായ ദൈവദൂതന്മാർക്കും ദിവ്യബോധനം നൽകിയിട്ടുണ്ട്. മൂസായോട് അല്ലാഹു ശരിക്കും സംസാരിക്കുക തന്നെ ചെയ്തിട്ടുണ്ട്. ഈ ദൂതന്മാരത്രയും സുവാർത്ത നൽകുന്നവരും താക്കീതു ചെയ്യുന്നവരുമായി അയക്കപ്പെട്ടവരാകുന്നു. അവരുടെ നിയോഗത്തിനു ശേഷം ജനത്തിന് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി' (*അന്നിസാഅ്*: 163-165).

അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവനാണ് മുഹമ്മദ് നബി(സ). സൃഷ്ടി ശ്രേഷ്ഠൻ (അശ്റഫുൽ ഹൽഖ്) എന്നദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നതും അതുകൊണ്ടാണ്. അദ്ദേഹം ഒരു മനുഷ്യനായിരുന്നുവെങ്കിലും സാധാരണ മനുഷ്യനല്ല. ദൈവദൂതനും പാപസുരക്ഷിതനുമായ മനുഷ്യൻ. 'പ്രവാചകരേ പറയുക: ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നുവെന്ന് എനിക്ക് ദിവ്യബോധനം ലഭിക്കുന്നുണ്ട്' (*അൽ കഹ്ഫ്*: 110, *ഫുസ്സിലത്*: 6). ഏറ്റവും സമ്പൂർണനായ മനുഷ്യൻ എന്ന അത്യുൽകൃഷ്ട പദവി അലങ്കരിച്ച വ്യക്തി.

ജീവിതത്തിന്റെ മൗലിക യാഥാർഥ്യങ്ങൾ അംഗീകരിക്കുകയും അല്ലാഹുവിനെയും പരലോക ജീവിതത്തെയും മുഖവിലക്കെടുക്കുകയും ചെയ്യുന്നവർക്ക് ഉത്തമ മാതൃകയാണ് ദൈവദൂതന്റെ ജീവിതം. 'വാസ്തവത്തിൽ നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ വിശിഷ്ടമായ ഒരു മാതൃകയുണ്ട്. അല്ലാഹുവിലും അന്ത്യദിനത്തിലും പ്രതീക്ഷ പുലർത്തുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്' (*അൽ അഹ്സാബ്*: 21).

## അന്യാദൃശ വ്യക്തിത്വം

വിവിധ മഹദ് വ്യക്തികളിൽ ലോകം നാളിതുവരെ ദർശിച്ചിട്ടുള്ള സകലമാന സദ്ഗുണങ്ങളും ഒരു വ്യക്തിയിൽ മേളിച്ചതിന്റെ ഒരേയൊരു മാതൃക. ആ വ്യക്തിത്വത്തെ ഇഴപിരിച്ചെടുത്ത് മനസ്സിലാക്കുകയെന്നത് എളുപ്പമല്ല. ഓരോ തലമുറയും അവരവരുടെ ധിഷണാ ശേഷിയും വിശകലന പാടവവും പ്രയോജനപ്പെടുത്തി ഉൾക്കൊള്ളാൻ ശ്രമിച്ചാലും ബാക്കിയാവുന്നത്ര അനന്ത വിസ്തൃതമായ വ്യക്തിത്വം. മാനവ സമൂഹത്തിന്റെ വിമോചകൻ എന്ന വിശേഷണം അവയിലൊന്നു മാത്രം.

ലോകം വിമോചകരായി വാഴ്ത്തിപ്പാടിയവർക്കൊന്നും മനുഷ്യർക്ക് മോചനം നൽകാനായിട്ടില്ലെന്നതിന് ചരിത്രം സാക്ഷി. നിലവിലുള്ള അടിമത്തത്തിൽനിന്ന് മറ്റൊരടിമത്തത്തിലേക്ക്, ഒരിരുട്ടിൽനിന്ന് മറ്റൊരു ഇരുട്ടിലേക്ക്, ഒരു പാരതന്ത്ര്യത്തിൽനിന്ന് പുതിയ ഒന്നിലേക്ക് അവർ മനുഷ്യരെ നയിക്കുക മാത്രമായിരുന്നു. ഇവിടെയാണ് സകല മനുഷ്യർക്കും അനുഗ്രഹവും കാരുണ്യവുമായി പ്രവാചകൻ വേറിട്ടു നിൽക്കുന്നത്. സാധാരണ മനസ്സിലാക്കപ്പെടുന്ന ഒരു വിമോചകനായിരുന്നില്ല അദ്ദേഹം.

‘(പ്രവാചകരേ) മനുഷ്യർക്കൊന്നടങ്കം സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ടു തന്നെയാകുന്നു നാം താങ്കളെ നിയോഗിച്ചിട്ടുള്ളത്. പക്ഷേ, അധികജനവും അറിയുന്നില്ല’ (*സബഅ്*: 28). ‘പ്രവാചകരേ, ലോകർക്ക് അനുഗ്രഹമായിട്ടു മാത്രമാകുന്നു നാം താങ്കളെ നിയോഗിച്ചിട്ടുള്ളത്’ (*അൽ അമ്പിയാഅ്*: 107).

ഏറ്റവും മൗലികമായ ഒരു വിമോചനത്തിനു വേണ്ടി അദ്ദേഹം നിലകൊണ്ടു. മനുഷ്യന്റെ സർവതോന്മുഖവും സമ്പൂർണവും കാലാതിവർത്തിയുമായ വിമോചനം.

## ബഹുമുഖ ദൗത്യം

പ്രവാചകൻ നിർവഹിച്ച ദൗത്യത്തെ പല രീതിയിൽ വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുണ്ട്. അവയോരോന്നും മനസ്സിലാക്കിയാലേ പ്രവാചകന്റെ ബഹുമുഖ പ്രവർത്തനങ്ങളെ തിരിച്ചറിയാനാവൂ.

‘നിരക്ഷരന്മാർക്കിടയിൽ അവരിൽനിന്നുതന്നെ ഒരു ദൈവദൂതനെ നിയോഗിച്ചത് അവനാകുന്നു. അദ്ദേഹം അവർക്ക് അവന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുന്നു. അവരുടെ ജീവിതത്തെ സംസ്കരിക്കുന്നു. അവർക്ക് വേദവും തത്ത്വജ്ഞാനവും പഠിപ്പിച്ചു കൊടുക്കുന്നു. അവർ ഇതിനു മുമ്പ് തികഞ്ഞ ദുർമാർഗത്തിലായിരുന്നുവല്ലോ’ (*അൽ ജുമുഅ*: 2).

‘തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തിക്കാണുന്ന നിരക്ഷരനായ പ്രവാചക ദൂതനെ പിന്തുടരുന്നവരാരോ (അവരാകുന്നു ഇന്നു ഈ അനുഗ്രഹത്തിനർഹരായിട്ടുള്ളവർ). അദ്ദേഹം അവർക്ക് നന്മ വിധിക്കുന്നു; തിന്മ വിലക്കുന്നു. അവർക്കായി ശുദ്ധ വസ്തുക്കൾ അനുവദിച്ചു കൊടുക്കുന്നു. അശുദ്ധ വസ്തുക്കളെ നിരോധിക്കുകയും ചെയ്യുന്നു. അവരെ ഞെരിച്ചുകൊണ്ടിരുന്ന ഭാരങ്ങൾ ഇറക്കിവെക്കുന്നു. അവരെ വിരിഞ്ഞു മുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ബലപ്പെടുത്തുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതീർണമായ പ്രകാശത്തെ പിന്തുടരുകയും ചെയ്യുന്നവരാരോ അവർ മാത്രമാകുന്നു വിജയം പ്രാപിക്കുന്നവർ’ (*അൽ അഅ്റാഫ്*: 157).

വേദവും തത്ത്വജ്ഞാനവും പഠിപ്പിച്ചും ഉദാത്തമായ മൂല്യങ്ങൾ സ്വജീവിതത്തിൽ സ്വാംശീകരിച്ചും അനുയായികളേയും അതേ മൂശയിൽ അദ്ദേഹം വാർത്തെടുത്തു. അവരോട് നന്മ കൽപിച്ചു. തിന്മ വിരോധിച്ചു. നല്ല വസ്തുക്കൾ അനുവദിച്ചു കൊടുത്തു. മ്ലേഛ വസ്തുക്കൾ വിലക്കി. രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, സദാചാര രംഗങ്ങളിൽ അവരെ വരിഞ്ഞു മുറുക്കിയിരുന്ന പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽനിന്ന് മോചനം നൽകി. അശരണരും ആലംബഹീനരും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുമായ ജനതയുടെ മുതുകിനെ ഞെരിച്ചുകൊണ്ടിരുന്ന ഭാരങ്ങളിറക്കിവെക്കാൻ തുണയായി വർത്തിച്ചു. വ്യക്തിയുടെ അന്തസ്സും ആത്മാഭിമാനുവും വീണ്ടെടുക്കാൻ സഹായിച്ചു. അന്ധവിശ്വാസങ്ങളുടെയും പൈതൃകാചാരണങ്ങളുടെയും തടവറയിൽനിന്ന് തലമുറകളെ രക്ഷപ്പെടുത്തി. മനുഷ്യന്റെ സർഗാത്മകതയെ തളർത്തുകയും ചിന്താശേഷിയെ നിർവീര്യമാക്കുകയും ചെയ്തിരുന്ന അനാചാരങ്ങൾക്കും അത്യാചാരങ്ങൾക്കും അറുതി വരുത്തി. പ്രമാണിമാരും പരീശന്മാരും അനുശാസിച്ചിരുന്ന മാമൂലുകൾ തൂത്തെറിയാൻ അനുയായി വൃന്ദത്തെ പ്രാപ്തരാക്കി. ഒപ്പം, ഭൗതിക ജീവിതത്തിൽ ശാന്തിയും സമാധാനവും കൈവരുത്താൻ പര്യാപ്തമായ കൽപനകളും അനുശാസനകളും നൽകി. പരിശുദ്ധമായ ഭൂമി, ശക്തമായ രാഷ്ട്രം, വൃത്തിയുള്ള സമൂഹം, സ്നേഹവും സാഹോദര്യവും പുലർത്തുന്ന വ്യക്തികൾ, കളങ്കമേശാത്ത പരിസ്ഥിതി, സർവോപരി മണ്ണിനും മനുഷ്യനും ആശ്വാസമേകുന്ന നടപടികൾ- ഇതൊക്കെയായിരുന്നു പ്രവാചകൻ കെട്ടിപ്പടുത്ത സാമൂഹിക വ്യവസ്ഥയുടെ മുഖമുദ്രകൾ. ഏതൊരു സാമൂഹിക ക്രമത്തിന്റെ സംസ്ഥാപനത്തിനാണോ പ്രവാചകൻ പ്രയത്നിച്ചിരുന്നത് അവിടെ ജനങ്ങൾക്ക് അനുഭവിക്കാൻ കഴിയുന്ന ക്ഷേമ സൗഭാഗ്യങ്ങൾ ഖുർആൻ സൂചിപ്പിക്കുന്നു. ‘നാം ഭൂമിയിൽ ആധിപത്യം നൽകുകയാണെങ്കിൽ നമസ്കാരം നിലനിർത്തുകയും നല്ലതു കൽപിക്കുകയും തിയ്യതു വിരോധിക്കുകയും ചെയ്യുന്നവരത്രെ അവർ. സകല സംഗതികളുടെയും അന്തിമ പരിണതി അല്ലാഹുവിന്റെ ഹസ്തത്തിലാകുന്നു’ (*അൽ ഹജ്ജ്*: 41). ദുഷിച്ച സാമൂഹിക ക്രമം മണ്ണിനും മനുഷ്യനും വരുത്തുന്ന ദുരന്തത്തിലേക്കും വിശുദ്ധ ഗ്രന്ഥം വെളിച്ചം വീശുന്നു: ‘ചില മനുഷ്യർ ഇങ്ങനെയുമുണ്ട്. ഐഹിക ജീവിതത്തിൽ അവരുടെ ഭാഷണം താങ്കൾക്ക് വളരെ കൗതുകകരമായി തോന്നും. തങ്ങളുടെ ഉദ്ദേശ്യ ശുദ്ധിക്ക് അവർ ദൈവത്തെ അടിക്കടി സാക്ഷിയാക്കിക്കൊണ്ടിരിക്കും. പക്ഷേ, വാസ്തവത്തിൽ അവരാകുന്നു സത്യത്തിന്റെ ബദ്ധവൈരികൾ. അധികാരം സിദ്ധിച്ചാൽ ഭൂമിയിൽ അവരുടെ പ്രയത്നമഖിലം അവിടെ നാശം വിതക്കുന്നതിനും കൃഷിയിടങ്ങൾ കൊള്ളയടിക്കുന്നതിനും മനുഷ്യവംശത്തെ നശിപ്പിക്കുന്നതിനുമായിരിക്കും. എന്നാൽ അല്ലാഹുവോ (അവർ സാക്ഷിയായിക്കൊണ്ടിരിക്കുന്ന) നശീകരണ യത്നങ്ങളെ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല’ (*അൽ ബഖറ*: 204, 205).

## സമകാലിക പ്രസക്തി

സമകാലിക ലോകത്തെ അധിനിവേശ ശക്തികൾ മറ്റുള്ളവരെ തങ്ങളുടെ വരുതിയിലാക്കാൻ നടത്തുന്ന ക്രൂരതകളും ദുഷ്ചെയ്തികളും ജനജീവിതത്തെ ദുരിതപൂർണമാക്കുന്ന സാഹചര്യം വിസ്മരിച്ചുകൂടാ. ആസുരമായ ഭൗതികാസക്തിയും പ്രകൃതി ചൂഷണവും തലതിരിഞ്ഞ വികസനക്രമവും എല്ലാംകൂടി ഭൂരിഭാഗത്തെയും അടിമത്തത്തിലും ദാരിദ്ര്യത്തിലും കൊണ്ടെത്തിക്കുന്നു. ഈ സാഹചര്യം, മുതുകിനെ ഞെരുക്കുന്ന ഭാരങ്ങൾ ഇറക്കിവെക്കുകയും കരചരണങ്ങളെ ബന്ധിക്കുന്ന ചങ്ങലകളെ പൊട്ടിച്ചെറിയുകയും ചെയ്യുകയെന്ന പ്രവാചക ദൗത്യത്തിന്റെ പ്രസക്തിയും പ്രധാന്യവും വർധിപ്പിക്കുന്നു. മണ്ണിനെയും മനുഷ്യനെയും വീണ്ടെടുക്കാനുള്ള ശ്രമങ്ങൾക്ക് അന്ത്യപ്രവാചകന്റെ ദൗത്യം തന്നെയാണ് തുണയാവുക.

ഒരു ചെറുന്യൂനപക്ഷം എല്ലാ സൗകര്യങ്ങളും അനുഭവിക്കുകയും എല്ലാവർക്കുമായി നൽകിയ വിഭവങ്ങൾ ചിലർ മാത്രം കൈയടക്കിവെക്കുകയും ചെയ്യുമ്പോൾ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കൂടിയില്ലെങ്കിലേ അത്ഭുതമുള്ളൂ. സമ്പന്ന വർഗത്തിന്റെ ആർത്തിയും ആഡംബര പ്രമത്തതയും ദരിദ്ര ജനവിഭാഗത്തിന്റെ ജീവിക്കാനുള്ള അവകാശത്തെ തന്നെ നിഷേധിക്കുകയാണ്.

കൈയൂക്കുള്ളവൻ കാര്യക്കാരനായിരുന്ന സാമൂഹിക സാഹചര്യത്തിലായിരുന്നു സമ്പൂർണ വിമോചനത്തിന്റെ കാഹളധ്വനിയുമായി ദൈവദൂതന്റെ നിയോഗം. ആഗോളീകരണ കാലത്തെ ലോക സാഹചര്യവും ഒട്ടും ഭിന്നമല്ല. ഇത് സമഗ്രവും സമ്പൂർണവുമായ പരിവർത്തന യത്നങ്ങളെ കൂടുതൽ പ്രസക്തവും അനിവാര്യവുമാക്കുന്നു. ■